രാസവളങ്ങളുടെ ക്ഷാമം

5 (*275) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യൂറിയ മുതലായ വളങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) ഓരോ കാർഷിക സീസണിലും സംസ്ഥാനത്തിന് ആവശ്യമായി വരുന്ന വളത്തിന്റെ കണക്ക് അറിയാമോ വ്യക്തമാക്കുമോ; ആവശ്യം നിറവേറ്റ പ്പെടുന്നുണ്ടോ ;

(സി) കർഷകർക്ക് വളം ലഭ്യമാക്കുന്നതിൽ ദുർലഭ്യം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇവ പരിഹരിക്കുന്നതിൽ സർക്കാർ സംവിധാനങ്ങളിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ ; വിവരിക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്ത് യൂറിയയ്ക്ക് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. എന്നാൽ മറ്റു വളങ്ങൾക്കൊന്നും നിലവിൽ ക്ഷാമം അനുഭവപ്പെടുന്നില്ല. ദക്ഷിണേന്ത്യയിലെ യൂറിയ ഉല്പാദിപ്പിക്കുന്ന കമ്പനികൾ ഉല്പാദനം നിർത്തിയതു മൂലവും കേരളത്തിലെ ലീഡ് ഫെർട്ടിലൈസർ സപ്ലയർ ആയ എഫ്.എ.സി.ടി യൂറിയ ഉല്പാദിപ്പിക്കാത്തതുമൂലവും കൊച്ചിൻ തുറമുഖത്ത് യൂറിയ എത്തിക്കുന്നതിൽ എഫ്.എ.സി.ടി നേരിടുന്ന ബുദ്ധിമുട്ടുകളും ഇന്ത്യാ ഗവൺമെന്റിന്റെ പ്രതിമാസ അലോട്ട്മെന്റ് കൊടുത്തിട്ടുള്ള കമ്പനികൾ സംസ്ഥാനത്ത് യൂറിയ എത്തിക്കുന്നതിൽ എടുക്കുന്ന കാലതാമസവും ആണ് യൂറിയയുടെ ലഭ്യതയിൽ കുറവ് അനുഭവപ്പെടാനുള്ള കാരണം.

(ബി) 2014-15 സാമ്പത്തിക വർഷം സെപ്റ്റംബറിൽ അവസാനിക്കുന്ന ഖാരിഫ് സീസണിലേക്കും മാർച്ചിൽ അവസാനിക്കുന്ന റാബിസീസണുകളിലേക്കുമായി ആവശ്യമായി വരുന്ന രാസവളങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

രാസവളത്തിന്റെ പേര്	2014-15	2014-15
	ഖാരിഫ് (മെട്രിക് ടൺ)	റാബി (മെട്രിക് ടൺ)
യൂറിയ	100000	100000
മ്യൂറേറ്റ് ഓഫ് പൊട്ടാഷ്	88000	75000
ഡി.എ.പി.	15000	10000
എൻ.പി.കെ. കോംപ്ലക്സ്	130000	100000
എസ്.എസ്.പി.	20000	5750

ആവശ്യം നിറവേറ്റപ്പെടുന്നുണ്ട്.

(സി) ദക്ഷിണേന്ത്യയിലെ യൂറിയ ഉല്പാദിപ്പിക്കുന്ന കമ്പനികൾ ഉല്പാദനം നിർത്തിയതുമൂലവും കേരളത്തിലെ ലീഡ് ഫെർട്ടിലൈസർ സപ്ലയർ ആയ എഫ്.എ.സി.ടി. യൂറിയ ഉല്പാദനം നിർത്തിയതു മൂലവും കൊച്ചിൻ തുറമുഖത്ത് യൂറിയ എത്തിക്കുന്നതിൽ എഫ്.എ.സി.ടി നേരിടുന്ന ബുദ്ധിമുട്ടുകളും ഇന്ത്യാ ഗവൺമെന്റ് പ്രതിമാസ അലോട്ട്മെന്റ് കൊടുത്തിട്ടുള്ള കമ്പനികൾ സംസ്ഥാനത്ത് യൂറിയ എത്തിക്കുന്നതിൽ എടുക്കുന്ന കാലതാമസവും ആണ് യൂറിയയുടെ ലഭ്യതയിൽ കുറവ് അനുഭവപ്പെടാനുള്ള കാരണം. എന്നാൽ മറ്റു വളങ്ങളായ കോംപ്ലക്സ് വളങ്ങൾക്കും പൊട്ടാഷ് വളങ്ങൾക്കും ക്ഷാമമില്ല. യൂറിയായിൽ അടങ്ങിയിട്ടുള്ള സസ്യ പോഷണമൂലകമായ നൈട്രജൻ മറ്റു കോംപ്ലക്സ് വളങ്ങളിൽ പലതിലും അടങ്ങിയിട്ടുള്ളതുകൊണ്ട് യൂറിയ വളത്തിന്റെ ദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കപ്പെടുന്നുണ്ട്.

(ഡി) ഇവ പരിഹരിക്കുന്നതിൽ സർക്കാർ സംവിധാനങ്ങളിൽ വീഴ്ച ഉണ്ടായിട്ടില്ല. ഖാരിഫ്, റാബി സീസണുകളിലേക്ക് ആവശ്യമായ രാസവളങ്ങളുടെ അലോട്ട്മെന്റ് നേടിയെടുക്കുന്നതിനും പ്രതിമാസ അലോട്ട്മെന്റ് നേടിയെടുക്കുന്നതിനും ആഴ്ചയിൽ ഒരിക്കൽ ഇന്ത്യാഗവൺമെന്റ് നടത്തുന്ന വീഡിയോ കോൺഫറൻസിൽ പങ്കെടുത്ത് വളങ്ങൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും റയിൽവേയിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും നേരിട്ട് ഇന്ത്യാ ഗവൺമെന്റിനെ അറിയിക്കാറുമുണ്ട്. എഫ്.എ.സി.ടി. വളങ്ങൾ ഒഴികെ സംസ്ഥാനത്തിന് പുറത്തു നിന്നാണ് ബാക്കി യൂറിയ, കോംപ്ലക്സ്, പൊട്ടാഷ് മുതലായ വളങ്ങൾ എത്തിക്കുന്നത്. രാസവള കമ്പനികൾ നേരിട്ട് എത്തിക്കുന്നതിനുള്ള പോരായ്മകൾ അല്ലാതെ സർക്കാർ സംവിധാനങ്ങളിൽ വീഴ്ച ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly